Mathrubhumi
മാതൃഭൂമി

# സഹപാഠിക്ക് വീട് നിർമിച്ചു നൽകി



പടിഞ്ഞാറേ വെമ്പല്ലൂർ എം.ഇ.എസ്. അസ്മാബി കോളേജിന്റെ എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ നിർമിച്ച വീടിന്റെ താക്കോൽദാനം ഡോ. ആർ.എൻ. അൻസാർ പ്രിൻസിപ്പൽ ഡോ. എ. ബിജുവിന് താക്കോൽ കൈമാറി നിർവഹിക്കുന്നു

**കൊടുങ്ങല്ലൂർ** ▸ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അഭയം ഹൗസ് പദ്ധതിയുടെ ഭാഗമായി പടിഞ്ഞാറേ വെമ്പല്ലൂർ എം.ഇ.എസ്. അസ്മാബി കോളേജിന്റെ എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ സഹപാഠിക്കൊരു സ്വപ്നക്കൂട് പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.എൻ. പുരം പഞ്ചായത്തിൽ നിർമാണം പൂർത്തീകരിച്ച വീടിന്റെ താക്കോൽ ദാനം നടന്നു.

കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ എൻ.എസ്.എസ്. സംസ്ഥാന ലെയ്സൺ ഓഫീസർ ഡോ. ആർ.എൻ. അൻസാർ പ്രിൻസിപ്പൽ ഡോ. എ. ബിജുവിന് താക്കോൽ കൈമാറി. യൂണിവേഴ്സിറ്റി എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ ഡോ. ടി.എൽ. സോണി മുഖ്യപ്രഭാഷണം നടത്തി. കോളേജ് മാനേജിങ് കമ്മിറ്റി ചെയർമാൻ ആസ്പിൻ അഷ്റഫ്, സെക്രട്ടറി ആൻഡ് കറസ്പോണ്ടന്റ് നവാസ് കാട്ടകത്ത്, മുഷ്താഖ് മൊയ്തീൻ, വൈസ് പ്രിൻസിപ്പൽ ഡോ. റീനാ മുഹമ്മദ്, തുടങ്ങിയവർ പ്രസംഗിച്ചു.